**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1256** **04-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ഫ്ലൈ ഓവർ നിർമ്മാണ പുരോഗതികൾ വിശദീകരിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ മലപ്പുറം പോലീസ് സ്റ്റേഷൻ-കിഴക്കേത്തല ചെത്ത് പാലം ഫ്ളൈഓവർ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 942/2017/പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ഫ്ലൈ ഓവർ നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട പ്രദേശത്ത് ആയതിനാൽ പ്രസ്തുത വകുപ്പിന്റെ NOC അനിവാര്യമായിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും 12.10.2021 ന് NOC ലഭിച്ചതിനെ തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എസ് പി വി മലപ്പുറം ജില്ലാ കളക്ടർക്ക് 28.10.2021 ന് അർത്ഥനാപത്രം നൽകി.<br><br>പദ്ധതിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി ബഹു. മലപ്പുറം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ 01.12.2021 ന് ആർ ബി ഡി സി കെ എൽ ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം സന്ദർശിച്ചു. ഇതിനെ തുടർന്ന് നിർദ്ദിഷ്ട അലൈൻമെന്റിൽ പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 100 മീറ്റർ നീളം കൂട്ടണമെന്ന് ബഹു. എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. ഈ വിഷയം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 13.02.2022 ന് എക്സിക്യൂട്ടീവ് ഡയറക്ടർ, കിഫ്ബി പദ്ധതി പ്രദേശം സന്ദർശിക്കുകയും ഡി.പി.ആർ ന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് നടത്തിയ ട്രാഫിക് സർവ്വെയെ കുറിച്ച് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ഡി പി ആർ തയ്യാറാക്കിയതിന് ശേഷം പുതിയ രണ്ട് |

| | | | |
|---|---|---|---|
| | | | ബൈപ്പാസുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്ത സാഹചര്യത്തിൽ പുതിയതായി ട്രാഫിക് സർവ്വെ നടത്തണമെന്ന് ആവശ്യപ്പെട്ടു.<br>ആർ.ബി.ഡി.സി.കെ. വിശദീകരണം നൽകുകയും, ഡി.പി.ആർ കിഫ്ബി അംഗീകരിച്ച മുറയ്ക്ക് പുതിയതായി ട്രാഫിക് സർവ്വെ നടത്തുന്നതിന് അധിക തുക അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് മൂന്ന് വശങ്ങൾക്കായി രൂപകല്പന ചെയ്തിരുന്ന മേൽപ്പാലം രണ്ട് വശത്തേക്ക് മാത്രമായി രൂപകല്പന ചെയ്യുന്നതോ, അല്ലെങ്കിൽ നിലവിലുള്ള റോഡ് 22 മീറ്റർ വീതിയിൽ നാല് വരിയായി വീതി കൂട്ടുന്നതോ പരിഗണിക്കണമെന്ന് 06.06.2022 ൽ കിഫ്ബി നിർദ്ദേശം നൽകി. പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കിയ കൺസൾട്ടന്റിനോട് ഇത് പരിശോധിക്കാൻ ആർ.ബി.ഡി.സി.കെ. നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷമേ കിഫ്ബിയുടെ അനുമതിയ്ക്ക്  സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൂ. |
| (ബി) | പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തിയ നടപടി പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | മലപ്പുറം ജില്ലയിൽ മലപ്പുറം പോലീസ് സ്റ്റേഷൻ- കിഴക്കേത്തല ചെത്ത് പാലം ഫ്ളൈഓവർ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10.07.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 942/2017/പി.ഡബ്ല്യു.ഡി പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ. യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പദ്ധതിരേഖയ്ക്ക് കിഫ്ബിയിൽ നിന്നും 89.92 കോടി രൂപയ്ക്ക് അംഗീകാരം നൽകി. ഫ്ലൈ ഓവർ നിർമ്മാണം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അധീനതയിൽ ഉൾപ്പെട്ട പ്രദേശത്ത് ആയതിനാൽ പ്രസ്തുത വകുപ്പിന്റെ NOC അനിവാര്യമായിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും 12.10.2021 ന് NOC ലഭിച്ചതിനെ തുടർന്ന് പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് എസ് പി വി മലപ്പുറം ജില്ലാ കളക്ടർക്ക് 28.10.2021 ന് അർത്ഥനാപത്രം നൽകി.<br><br>പദ്ധതിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി ബഹു. മലപ്പുറം എം.എൽ.എ. യുടെ സാന്നിദ്ധ്യത്തിൽ 01.12.2021 ന് ആർ ബി ഡി സി കെ എൽ ഉദ്യോഗസ്ഥർ പദ്ധതി പ്രദേശം സന്ദർശിച്ചു. ഇതിനെ തുടർന്ന് നിർദ്ദിഷ്ട അലൈൻമെന്റിൽ പോലീസ് സ്റ്റേഷൻ ഭാഗത്ത് ഏകദേശം 100 മീറ്റർ നീളം കൂട്ടണമെന്ന് ബഹു. എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. ഈ വിഷയം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് 13.02.2022 ന് എക്സിക്യൂട്ടീവ് ഡയറക്ടർ, കിഫ്ബി |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രദേശം സന്ദർശിക്കുകയും ഡി.പി.ആർ ന്റെ ഭാഗമായി പദ്ധതി പ്രദേശത്ത് നടത്തിയ ട്രാഫിക് സർവ്വെയെ കുറിച്ച് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ഡി പി ആർ തയ്യാറാക്കിയതിന് ശേഷം പുതിയ രണ്ട് ബൈപ്പാസുകൾ ഗതാഗതത്തിന് തുറന്ന് കൊടുത്ത സാഹചര്യത്തിൽ പുതിയതായി ട്രാഫിക് സർവ്വെ നടത്തണമെന്ന് ആവശ്യപ്പെട്ടു. ആർ.ബി.ഡി.സി.കെ. വിശദീകരണം നൽകുകയും, ഡി.പി.ആർ കിഫ്ബി അംഗീകരിച്ച മുറയ്ക്ക് പുതിയതായി ട്രാഫിക് സർവ്വെ നടത്തുന്നതിന് അധിക തുക അനുവദിക്കണമെന്നും അഭ്യർത്ഥിച്ചു. തുടർന്ന് മൂന്ന് വശങ്ങൾക്കായി രൂപകല്പന ചെയ്തിരുന്ന മേൽപ്പാലം രണ്ട് വശത്തേക്ക് മാത്രമായി രൂപകല്പന ചെയ്യുന്നതോ, അല്ലെങ്കിൽ നിലവിലുള്ള റോഡ് 22 മീറ്റർ വീതിയിൽ നാല് വരിയായി വീതി കൂട്ടുന്നതോ പരിഗണിക്കണമെന്ന് 06.06.2022 ൽ കിഫ്ബി നിർദ്ദേശം നൽകി. പദ്ധതിയുടെ ഡി പി ആർ തയ്യാറാക്കിയ കൺസൾട്ടന്റിനോട് ഇത് പരിശോധിക്കാൻ ആർ.ബി.ഡി.സി.കെ. നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷമേ കിഫ്ബിയുടെ അനുമതിയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കു. |
| (സി) | ഫ്ലൈ ഓവർ നിർമ്മാണത്തിനായി സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റിന് കിഫ്ബി ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടോ ; | (ഡി) | പദ്ധതിയുടെ അലൈൻമെന്റിൽ വരുത്തിയ മാറ്റത്തിന് കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിക്കുവാൻ സാധിയ്ക്കു. |
| (ഇ) | ഫ്ലൈ ഓവർ നിർമ്മാണം എന്നേത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | അലൈൻമെന്റിൽ വരുത്തിയ മാറ്റവും, പുതുക്കിയ എസ്റ്റിമേറ്റും കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതും, ഏറ്റെടുത്ത ഭൂമി ആർ.ബി.ഡി.സി.കെ.യ്ക്ക് കൈമാറുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾ ആരംഭിക്കാനാകുന്നതുമാണ്. |

സെക്ഷൻ ഓഫീസർ